## പതിമൂന്നാം കേരള നിയമസഭ - നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1882 22/03/2012 - ൽ മറുപടിക്ക്

### അലങ്കാര മത്സ്യകൃഷി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.സി. വിഷ്ണുനാഥ് :<br>ശ്രീ ഷാഫി പറമ്പിൽ :<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) അലങ്കാരമത്സ്യകൃഷി പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) ഉണ്ട്. അലങ്കാര മത്സ്യങ്ങളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപ്പാദനവും കയറ്റുമതിയും ലക്ഷ്യമിട്ടാണ് കേരള അക്വാവെഞ്ചേർസ് ഇന്റർനാഷണൽ ലിമിറ്റഡ് (കാവിൽ) എന്ന കമ്പനി രൂപവത്ക്കരിച്ചിട്ടുള്ളത്. കമ്പനിയുടെ അധീനതയിൽ ഇതിനോടനുബന്ധിച്ച് സാറ്റ്ലെറ്റ് ഫാമുകളും അതിനു താഴെയായി ഹോംസ്റ്റെഡ് ഫാമുകളും ആരംഭിച്ചിട്ടുണ്ട്. |
| (ബി) അലങ്കാരമത്സ്യകൃഷി വഴി സംസ്ഥാന സർക്കാരിന് വരുമാനം നേടുവാനായിട്ടുണ്ടോ ; | (ബി) അലങ്കാരമത്സ്യ കയറ്റുമതി നടത്തുന്നതിനുവേണ്ടി സർക്കാർ പങ്കാളിത്തത്തോടുകൂടി രൂപവത്ക്കരിച്ചിട്ടുള്ള കമ്പനിയാണ് കാവിൽ. ആയതിനാൽ കമ്പനി പ്രവർത്തനങ്ങളുടെ ലാഭവിഹിതം സർക്കാരിനും ലഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ ഏത് ഏജൻസിയാണ് ഇതിന് മേൽനോട്ടം വഹിക്കുന്നത് ; | (സി) | കേരള അക്വാവെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (കാവിൽ). |
| (ഡി) | അലങ്കാരമത്സ്യക്കൃഷി വ്യാപിപ്പിച്ച് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | സംയോജിത അലങ്കാരമത്സ്യക്കൃഷി ഗ്രാമങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം ഓരോ ഗ്രാമത്തിലും 200 പേർക്ക് ജോലി ലഭിക്കുന്നതിന് സാധ്യതയുണ്ട്. |

സെക്ഷൻ ഓഫീസർ